# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**


## ഹയർസെക്കന്ററി - വൊക്കേഷണൽ ഹയർസെക്കന്ററി മേഖലയെ സംരക്ഷിക്കാനുള്ള പോരാട്ടം ശക്തിപ്പെടുത്തുക

**കേരള**ത്തിലെ പൊതുവിദ്യാഭ്യാസ മേഖലയിലെ ശ്രദ്ധേയമായ പരിഷ്ക്കാരങ്ങളിലൊന്നായിരുന്നു ഹയർസെക്കന്ററി വിദ്യാഭ്യാസം. സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഹയർസെക്കന്ററി മാറിയതോടെ ക്രമേണ തൊഴിലുകളുടെയും ഉപരിപഠനത്തിന്റെയും അടിസ്ഥാനയോഗ്യതയായി പ്ലസ്ടു മാറി. പരിമിതമായ സൗകര്യം മാത്രമുണ്ടായിരുന്ന പ്രീഡിഗ്രി വിദ്യാഭ്യാസത്തിന്റെ സ്ഥാനത്ത് സൗജന്യവും സാർവ്വത്രികവുമായ ഹയർസെക്കന്ററി വിദ്യാഭ്യാസം എല്ലാ വിഭാഗം കുട്ടികൾക്കും സാധിതപ്രായമായി. എട്ടാംതരംവരെയുള്ള പഠനം അവകാശമായി കേന്ദ്രസർക്കാർ പ്രഖ്യാപിച്ചപ്പോൾ, കേരളത്തിൽ 12-ാം തരംവരെയുള്ള വിദ്യാഭ്യാസം അവകാശമായി നടപ്പിലാക്കി.

ഏത് സിലബസിൽ പഠിച്ച കുട്ടിയായാലും ഹയർസെക്കന്ററി പഠനം നമ്മുടെ സ്കൂളിലാണ് നല്ലതെന്ന പൊതുബോധം കേരളീയ സമൂഹത്തിൽ ഉണ്ടായി. ഏറെക്കുറെ എല്ലാ പഞ്ചായത്തുകളിലും ഹയർസെക്കന്ററി സ്കൂളുകൾ നിലവിൽ വന്നു. സർക്കാർ-എയ്ഡഡ് മേഖലയിൽ നിലവിലുള്ള 2,495 ഹൈസ്കൂളുകളും ഹയർസെക്കന്ററിയായി മാറുന്ന കാലം വിദൂരമല്ല. 413 അൺ-എയ്ഡഡ് ഉൾപ്പെടെ 1,836 ഹയർസെക്കന്ററി സ്കൂളുകൾ ഇപ്പോൾതന്നെ നിലവിലുണ്ട്. ഇതിൽ 755 എണ്ണം സർക്കാർ വിദ്യാലയങ്ങളാണ് എന്നത് എടുത്തുപറയേണ്ട ഒന്നാണ്. ഈ മേഖലയിലെ കച്ചവട വൽക്കരണത്തെ നിയന്ത്രിക്കാനുള്ള എൽ.ഡി.എഫ് സർക്കാരുകളുടെ ഇച്ഛാശക്തിയാണ് ഇതിലൂടെ പ്രകടമാകുന്നത്. പുതുതായി 148 സ്കൂളുകൾ ആരംഭിക്കാനുള്ള യു.ഡി.എഫ് സർക്കാരിന്റെ ലക്ഷ്യം പൂർണ്ണമായും വിദ്യാഭ്യാസകച്ചവടമാണെന്ന് വ്യക്തമായിരിക്കുകയാണ്. മലബാർ മേഖലയിലെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ എൽ.ഡി.എഫ് സർക്കാർ രണ്ടുവർഷങ്ങൾക്കു മുമ്പുതന്നെ സ്കൂളുകൾ അനുവദിച്ചുകഴിഞ്ഞു. പശ്ചാത്തലസൗകര്യമുള്ള എല്ലാ സർക്കാർ സ്കൂളുകളും ഇതിനകംതന്നെ ഹയർസെക്കന്ററി സ്കൂളുകളായിക്കഴിഞ്ഞു. അതുകൊണ്ടുതന്നെ പുതിയ സ്കൂളുകൾ ആരംഭിക്കുന്നതിനുപിന്നിൽ വിദ്യാഭ്യാസ താൽപര്യമല്ല എന്നുവ്യക്തമാണ്.

എടുത്തുപറയേണ്ട ഒട്ടേറെ നേട്ടങ്ങൾ ഈ രംഗത്ത് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. പതിനായിരത്തോളം അധ്യാപകർക്ക് പി.എസ്.സി മുഖേന നിയമനം കിട്ടി എന്നതുതന്നെ ഏറ്റവും വലിയ നേട്ടമാണ്. ഹൈസ്കൂൾ പ്രൈമറി മേഖലയിൽ യോഗ്യരായ ആയിരക്കണക്കിന് അധ്യാപകർക്ക് പ്രമോഷൻ നേടാൻ കഴിഞ്ഞത് എടുത്തുപറയേണ്ട ഒന്നാണ്. വർക്കിംഗ് അറേഞ്ച്മെന്റിൽ അധ്യാപകരെ നിയമിച്ചിരുന്ന വൊക്കേഷണൽ ഹയർസെക്കന്ററിയിലും കഴിഞ്ഞ എൽ.ഡി.എഫ് ഭരണകാലത്താണ് പി.എസ്.സി നിയമനം ആരംഭിച്ചു പൂർത്തിയാക്കിയത്.

**ഹയർസെക്കന്ററി - ഭരണസംവിധാനം**

ഈ രംഗത്തെ നൈപുണ്യം ഉൾക്കൊള്ളാൻ കഴിയുന്നതല്ല നിലവിലുള്ള ഡയറക്ടറേറ്റും ആർ.ഡി.ഡി ഓഫീസുകളും എന്നതാണ് ഗുരുതരമായ പ്രശ്നമായി കണക്കാക്കുന്നത്. കഴിഞ്ഞ എൽ.ഡി.എഫ് സർക്കാർ 43 തസ്തികകൾ ഡയറക്ടറേറ്റിൽ അനുവദിച്ചതൊഴിച്ചാൽ 1990 കളിൽ രൂപീകൃതമായ ഡയറക്ടറേറ്റിൽ ഭരണപരമായ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ ഫലപ്രദമായ നടപടികളൊന്നും ഇതുവരെയും ഉണ്ടായിട്ടില്ല. ഡയറക്ടറേറ്റിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുകയും 14 ജില്ലകളിലും ജില്ലാ ഓഫീസുകൾ ആരംഭിച്ച് ഭരണപരമായി വികേന്ദ്രീകരണവും നട

ത്തിയാൽ മാത്രമേ ഈ രംഗത്ത് ഇന്ന് നിലനിൽക്കുന്ന ഒട്ടുമിക്ക പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്താൻ കഴിയുകയുള്ളൂ. 8-ാം ശമ്പളകമ്മീഷന്റെ നിർദ്ദേശം സർക്കാർ നടപ്പിലാക്കാൻ തയ്യാറായാൽ ഈ പ്രശ്നങ്ങൾക്ക് ഒരുപരിധിവരെ പരിഹാരം ഉണ്ടാകും. സ്കൂളുകളിൽ ഓഫീസ് സംവിധാനവും ജീവനക്കാരും ഇല്ല എന്നത് വലിയ പ്രശ്നമാണ്. അധ്യാപകർതന്നെ മറ്റുജോലികൾകൂടി ചെയ്യേണ്ടിവരുന്നതിന്റെ പ്രയാസം വിവരണാതീതമാണ്. സ്കൂളുകളിലെ അക്കാദമിക പ്രവർത്തനങ്ങൾ എത്ര ശ്രമിച്ചാലും മെച്ചപ്പെടുത്താൻ കഴിയാത്ത അവസ്ഥ നിലനിൽക്കുന്നുവെന്നത് അത്യന്തം ഗൗരവത്തോടെ കാണേണ്ടതാണ്.

പ്രിൻസിപ്പാൾമാരെ അധ്യാപക തസ്തികയിൽ നിന്നും ഒഴിവാക്കി പൊതുചുമതലനൽകണം. ഏറ്റവും കുറഞ്ഞത് രണ്ട് ക്ലർക്ക്, രണ്ട് പ്യൂൺ, ഒരു പാർട്ടൈം ജീവനക്കാരൻ എന്നീ നിലകളിലും നിയമനം നടത്തുന്നകാര്യം സർക്കാർ പരിശോധിക്കണം. എയ്ഡഡ് സ്കൂളുകൾക്ക് അനുവാദം കൊടുത്ത്, മാനേജർമാരുമായി ചേർന്ന് നിയമനത്തിലെ കോടികൾ വീതം വെയ്ക്കാനെടുത്ത താൽപര്യം ഇക്കാര്യത്തിലില്ലാത്തത് പ്രതിഷേധാർഹമാണ്. സ്കൂളിന് ഫലപ്രദമായ ഒരു ഓഫീസ് സംവിധാനവും, ഹൈസ്കൂൾ ക്ലാസുകളുടെ ചുമതല ഹെഡ്മാസ്റ്ററും നിർവഹിക്കുന്നതിലൂടെ സ്കൂളുകളിൽ ഇന്നുള്ള ഒട്ടേറെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ കഴിയും. ഡി.ഇ.ഒ റാങ്കിലുള്ള പ്രിൻസിപ്പാൾ സ്കൂളിന്റെ ചുമതല വഹിക്കുന്നത് വിദ്യാഭ്യാസ വകുപ്പിനും സ്കൂളിന്റെ ഭരണപരവുമായ പ്രവർത്തനങ്ങൾക്കും സൗകര്യമാകും.

**ഏകജാലകസംവിധാനം അട്ടിമറിക്കപ്പെടുന്നു**

ഹയർസെക്കന്ററി സംവിധാനത്തെ ആധുനികവൽക്കരിക്കാൻ ഒട്ടേറെ നടപടികൾ എൽ.ഡി.എഫ് ഭരണകാലത്ത് ഡയറക്ടറേറ്റിൽ ആരംഭിച്ചിട്ടുണ്ട്. ഇതിൽ ഏറ്റവും ശ്രദ്ധേയമായതാണ് 2007 ൽ നടപ്പിലാക്കിയ കുട്ടികളുടെ പ്രവേശനത്തിനുള്ള ഏകജാലകസംവിധാനം. ഇന്ത്യാഗവൺമെന്റിന്റെ അവാർഡുപോലും നേടിയെടുക്കാൻ ഈ സമ്പ്രദായത്തിന് കഴിഞ്ഞിട്ടുണ്ട്. ഇ ഗവേണൻസിന്റെ ഭാഗമായി പരീക്ഷാ നടത്തിപ്പ്, ടെക്സ്റ്റ് ബുക്ക് ഇൻഡന്റ് ˘, സ്കോളർഷിപ്പുകൾ, ഓൺലൈൻ സ്ഥലംമാറ്റം എന്നിവയെല്ലാം ഇതിന്റെ ഭാഗമാണ്. ഇതിൽ പൊതുസമൂഹത്തിന്റെ അംഗീകാരം നേടിയ ഏകജാലക സമ്പ്രദായം യു.ഡി.എഫ് സർക്കാർ അധികാരത്തിലേറിയ ഘട്ടംമുതൽ അട്ടിമറിക്കാൻ ശ്രമിക്കുകയാണ്. രണ്ടുതവണ അലോട്ട്മെന്റ് നടത്തി ആദ്യഘട്ടം അവസാനിപ്പിക്കൽ, എസ്.എസ്.എൽ.സി പരീക്ഷാഫലം പുറത്തുവന്നശേഷം ഒരുമാസം വരെ സി.ബി.എസ്.ഇ കുട്ടികളുടെ പ്രവേശനത്തിനായി പ്രവേശന നടപടികൾ നീട്ടികൊണ്ടുപോകൽ, മാർജിൻ സീറ്റിനുമപ്പുറം സ്പെഷ്യൽ ഓർഡറിലൂടെ സീറ്റ് ഉയർത്തൽ, പ്രവേശനം കഴിഞ്ഞതിനുശേഷം മന്ത്രിയാഫീസ് നേരിട്ടിടപ്പെട്ട് സ്പെഷ്യൽ ഓർഡറുകളിലൂടെ പ്രവേശനം നൽകൽ തുടങ്ങി. ഏകജാലക പ്രവേശന നടപടിയുടെ അന്തസത്തക്ക് നിരക്കാത്ത പ്രവർത്തനങ്ങൾ ഇപ്പോഴും തുടരുകയാണ്. ആദ്യഘട്ടത്തിൽ പ്രവേശനത്തിന് മാർജിൻസീറ്റ് പരിഗണിക്കാതിരുന്നത് ഈ വർഷവും ഒരു കുട്ടിയുടെ ആത്മഹത്യക്കു ഇടവരുത്തി. കഴിഞ്ഞവർഷം പാലക്കാട് ജില്ലയിലെ പട്ടാമ്പിയിൽ ഒരുപെൺകുട്ടി ആത്മഹത്യ ചെയ്തു. മെരിറ്റിലും സാമൂഹ്യനീതിയിലും അധിഷ്ഠിതമായ സുതാര്യമായ പ്രവേശന നടപടി അട്ടിമറിക്കാൻ സർക്കാർതന്നെ മുൻകൈ എടുക്കുന്നുവെന്നത് അത്യന്തം ഗൗരവത്തോടെ കാണേണ്ട പ്രശ്നമാണ്

**ഓൺലൈൻ സ്ഥലംമാറ്റം മരവിപ്പിച്ചു**

യു.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അധ്യാപകരുടെ ഓൺ-ലൈൻ സ്ഥലംമാറ്റം നടന്നിട്ടേയില്ല. പൊതുമാനദണ്ഡമില്ലെന്ന് വ്യാഖ്യാനിച്ചുകൊണ്ട് പ്രിൻസിപ്പാൽമാരെ തോന്നിയതുപോലെ മാറ്റുകയാണ്. അപേക്ഷ നൽകാത്തവരെപ്പോലും മാറ്റി. തങ്ങൾക്ക് അതിനുള്ള അധികാരമുണ്ട് എന്ന നിഷേധാത്മകമായ നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. ഒരു ലക്ഷം രൂപവരെ സ്ഥലംമാറ്റത്തിന് കൈക്കൂലി കൊടുത്തുഎന്ന് രഹസ്യമായി പറയുന്ന പ്രിൻസിപ്പാൾമാരുമുണ്ട്. 2010-11 ലെ സ്ഥലംമാറ്റ നടപടികൾ നടന്നത് യു.ഡി.എഫ് അധികാരത്തിലെത്തിയ ഉടനെയാണ്. അതിൽതന്നെ അനുകമ്പാർഹ സ്ഥലംമാറ്റം നടത്തിയതിൽ വൻ അഴിമതി നടന്നു.

സംഘടന നടത്തിയ പ്രക്ഷോഭത്തിന്റെ ഫലമായി അൻപതിലധികം സ്ഥലംമാറ്റം റദ്ദുചെയ്യേണ്ടി വന്നു. രണ്ടുവർഷത്തിനിടയിൽ 224 പേർക്ക് സ്പെഷ്യൽ ഓർഡർ മുഖേന സ്ഥലംമാറ്റം നൽകി. ഇതിന്റെ പിന്നിൽ വൻ അഴിമതിയാണ് നടന്നിട്ടുള്ളത്. ഈ വർഷം ഓൺ-ലൈൻ സ്ഥലംമാറ്റത്തിന് അപേക്ഷ ക്ഷണിക്കുകയും നടപടികൾ മരവിപ്പിച്ചു നിർത്തിയിരിക്കുകയുമാണ്.

**അക്കാദമികരംഗത്തെ പ്രതിസന്ധി**

ഒരുബാച്ചിൽ 72 ലധികം കുട്ടികൾക്ക് പ്രവേശനം നൽകിയതിന്റെ ഫലമായി പഠന പ്രവർത്തനങ്ങൾ താളംതെറ്റിയിരിക്കുകയാണ്. എൽ.ഡി.എഫ് ഭരണകാലത്ത് ഗൈഡ്ലോബിയുടെ എതിർപ്പിനെയും, കോടതി നടപടികളെയും അതിജീവിച്ചാണ് വിവിധ വിഷയങ്ങൾക്ക് എൻ.സി.ഇ.ആർ.ടി പാഠപുസ്തകം പഠിക്കാൻ കുട്ടികൾക്ക് അവസരം ലഭിച്ചത്. പാഠ്യപദ്ധതി പരിഷ്ക്കരണത്തിന്റെ ഭാഗമായി പത്താംക്ലാസ്സുവരെ പാഠപുസ്തക പരിഷ്ക്കരണം നടന്നിരുന്നു. ഹയർസെക്കന്ററി പാഠപുസ്തകങ്ങൾ പരിഷ്ക്കരിക്കാനുള്ള നടപടികൾ നിർത്തിവച്ചു. സർക്കാർ അംഗീകരിച്ച കെ.സി.എഫ് - 2007 പരിശോധിക്കാതെ ഹയർസെക്കന്ററി പാഠ്യപദ്ധതി പരിഷ്ക്കാരം എന്ന പേരിൽ സിലബസ് പരിഷ്ക്കരണം നടക്കുകയാണ്. പാഠ്യപദ്ധതിയും സിലബസ്സും തമ്മിലുള്ള ബന്ധം പോലും തിരിച്ചറിയാതെ, നിലവിലുള്ള പാഠ്യപദ്ധതിയുടെ ഉള്ളടക്കം മനസ്സിലാക്കാതെ അത്യന്തം വികലമായ തീരുമാനങ്ങളുമായി എസ്.സി.ഇ.ആർ.ടി മുന്നോട്ടുപോകുകയാണ്. അധ്യാപക പരിശീലനം, തുടർമൂല്യനിർണ്ണയം മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത എന്നീ കാര്യങ്ങളിലൊന്നും ധാരണയില്ലാതെയാണ് ഡയറക്ടറേറ്റും എസ്.സി.ഇ.ആർ.ടി യും മുന്നോട്ടു പോകുന്നത്. കരിക്കുലം കമ്മിറ്റി അംഗങ്ങളാകട്ടെ ഇത്തരം വിഷയങ്ങൾക്കുമുൻപിൽ പകച്ചുനിൽക്കുകയാണ്. കാറ്റഗറി സംഘടനകൾ ഇക്കാര്യങ്ങളിൽ തികച്ചും അജ്ഞരാണ്. ഹയർസെക്കന്ററി മേഖലയിലെ അക്കാദമിക് പ്രവർത്തനങ്ങൾ വലിയ പ്രതിസന്ധിയിലേക്കാണ് പോകുന്നത്. ഹയർസെക്കന്ററിയിലെ കഴിവും മികച്ച യോഗ്യതയുമുള്ള ആയിരക്കണക്കിന് അധ്യാപകരെയാണ് സ്കൂൾ വിദ്യാഭ്യാസ രംഗത്തെ അക്കാദമിക പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തിയിരുന്നതെന്ന കാര്യം നാം ഓർക്കേണ്ടതാണ്.

**ലബ്ബാകമ്മിറ്റി റിപ്പോർട്ടിലെ പ്രതിലോമനിർദ്ദേശങ്ങൾ**

കഴിഞ്ഞ സർക്കാരിന്റെ കാലത്തുണ്ടായ മാറ്റങ്ങളെ കമ്മിറ്റി നേട്ടങ്ങളായിതന്നെ വിലയിരുത്തിയിട്ടുണ്ട്. പ്രിൻസിപ്പാൾമാരെ അധ്യാപക തസ്തികയിൽ നിന്നും ഒഴിവാക്കാനുള്ള നിർദ്ദേശം പൂർണ്ണ അർത്ഥത്തിൽ നടപ്പിലാക്കാൻ കമ്മിറ്റി ശുപാർശ ചെയ്യുന്നില്ല. കെ.സി.എഫ്-2007 പരിശോധിക്കാതെയാണ് കാലോചിതമല്ലാത്ത പാഠ്യപദ്ധതിയെന്ന് വിലയിരുത്തിയിരിക്കുന്നത്. ശാസ്ത്രീയമായ പഠനം നടത്താതെ കരിക്കുലം കമ്മിറ്റി സാങ്കേതികമായി തയ്യാറാക്കിയ പീരീഡുകളുടെ അടിസ്ഥാനത്തിലാണ് 5 ദിവസം പ്രവർത്തിദിനമാക്കണമെന്ന് പറഞ്ഞിരിക്കുന്നത്. സിലബസ് പരിഷ്ക്കരണം ഇക്കാര്യംകൂടി പരിശോധിച്ചാവണം എന്നു കണ്ടെത്താൻ കമ്മിറ്റിക്ക് കഴിഞ്ഞിട്ടില്ല. ഇവിടെ വൊക്കേഷണൽ ഹയർസെക്കന്ററിയിൽ ഇക്കാര്യം എങ്ങിനെ നടപ്പിലാക്കുമെന്ന് പരിശോധിച്ചിട്ടേയില്ല. അധ്യാപകർക്ക് ഒരുദിവസത്തെ ഓഫ് കൊടുത്താൽ മതിയെന്നാണ് നിർദ്ദേശം. വൊക്കേഷണൽ ഹയർസെക്കന്ററി മേഖലയെക്കുറിച്ച് ഗൗരവത്തോടെയുള്ള പഠനത്തിന് കമ്മിറ്റി മുതിർന്നിട്ടില്ല എന്നതിന്റെ ഏറ്റവും വലിയ തെളിവാണിത്. ഓഫ് കൊടുക്കുന്ന മേഖലയിൽ നിലനിൽക്കുന്നരീതി എന്തെന്ന് പോലും മനസ്സിലാക്കാതെയാണ് ഇത്തരമൊരുനിർദ്ദേശം മുന്നോട്ടുവച്ചിരിക്കുന്നത്. ടൈംടേബിൾ ക്രമീകരിച്ചാൽ മാത്രം പരിഹരിക്കാൻ കഴിയുന്നതാണ് ഈ പ്രശ്നം എന്ന കമ്മിറ്റിയുടെ നിഗമനം ദൗർഭാഗ്യകരമായിപ്പോയി എന്നു പറയാതിരിക്കാൻ നിർവാഹമില്ല. ഒന്നാംവർഷ പരീക്ഷ നടപ്പിലാക്കിയതെന്തുകൊണ്ട് എന്നു പരിശോധിക്കാതെയാണ് നിർത്തലാക്കാനുള്ള നിർദ്ദേശം വച്ചിരിക്കുന്നത്. ഒരുസംഘടനയും ഇതംഗീകരിക്കില്ല. ഇരട്ടമൂല്യനിർണ്ണയം ഒഴിവാക്കണം എന്ന നിർദ്ദേശത്തിന്റെ അർത്ഥമെന്തെന്ന് എല്ലാവർക്കും മനസ്സിലാകും. എൻജിനീയറിംഗിന് പ്ലസ് ടു മാർക്ക് പരിഗണിക്കേണ്ടതില്ല എന്നാണ് ഇതിന്റെ പച്ചമലയാളം. ഇത് ഹയർസെക്കന്ററിയെ രക്ഷിക്കാനല്ല, തകർക്കാനുള്ള നിർദ്ദേശമാണ്.

കെ.എസ്.ടി.എ മുന്നോട്ടുവെച്ച 1:40 എന്ന നിർദ്ദേശം വെറും നിർദ്ദേശമായിതന്നെ കിടക്കും. സ്കൂൾ തലത്തിൽ 1:45 എന്നത് മാറ്റാൻ സർക്കാർ തയ്യാറായിട്ടില്ല എന്ന വസ്തുത നമ്മുടെ മുന്നിലുണ്ട്. 1:40 എന്നു പറഞ്ഞിട്ട് ഒരു ബാച്ചിൽ 50 കുട്ടികൾവരെയാകാം എന്നു പറയുന്നത് നിലവിലുള്ള രീതിതന്നെ തുടരാനുള്ള നിർദ്ദേശമാണ്. അക്രിഡിറ്റേഷൻ മാതൃകയിൽ സ്കൂളുകളെ ഗ്രേഡിംഗ് നടത്തണമെന്ന നിർദ്ദേശം അത്യന്തം പ്രതിലോമകരമാണ്. സ്കൂളുകളെ ഗ്രേഡ് ചെയ്ത് തരംതാഴ്ത്താൻ മാത്രമേ ഈ നിർദ്ദേശത്തിന് കഴിയുകയുള്ളൂ. 2005 ൽ ബൈട്രാൻസ്ഫർ പ്രമോഷൻ മുവാന്തിരം വന്ന അധ്യാപകരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാത്ത പ്രശ്നം, 5 വർഷം പൂർത്തിയായ ജൂനിയർ അധ്യാപകർക്ക് സീനിയർ അധ്യാപകരുടെ ആനുകൂല്യങ്ങൾ നൽകൽ തുടങ്ങി നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതുണ്ട്.

**വൊക്കേഷണൽ ഹയർസെക്കന്ററി**

1983-84 കാലഘട്ടത്തിൽ ആരംഭിച്ച വൊക്കേഷണൽ ഹയർസെക്കന്ററിയെ ദുർബലപ്പെടുത്താനും നിർത്തലാക്കാനുമുള്ള തീരുമാനം സർക്കാർ നടപ്പിലാക്കുകയാണ്. അധ്യാപക സ്ഥലംമാറ്റം ഉൾപ്പെടെ ഈ മേഖലയിലെ പ്രശ്നങ്ങളെല്ലാം കൂട്ടക്കുഴപ്പത്തിലേക്ക് പോകുകയാണ്. വൊക്കേഷണൽ ഹയർസെക്കന്ററിയിൽ നടന്ന സ്ഥലംമാറ്റം അധ്യാപകരിൽ വലിയ ആശങ്ക ഉയർത്തിയിരിക്കുകയാണ്. 2010 ൽ അംഗീകരിച്ച പൊതുസ്ഥലംമാറ്റ മാനദണ്ഡത്തിൽ ഇതുവരെയും മാറ്റം വരുത്തിയിട്ടില്ല. മൂന്നുവർഷം തകിഞ്ഞു എന്നതിന്റെ പേരിൽ അധ്യാപകരെ തലങ്ങും വിലങ്ങും സ്ഥലംമാറ്റുന്ന നടപടി നീതീകരിക്കാൻ കഴിയുന്നതല്ല. അധ്യാപകരിൽ അരക്ഷിതത്വം ഉണ്ടാകുന്ന തരത്തിലുള്ള ഇത്തരം നടപടികൾ ഒരു കാരണവശാലും അനുവദിച്ചുകൂടാ. സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തി പിരീയിഡിന്റെ സമയദൈർഘ്യം ഒരുമണിക്കൂർ എന്നത് 45 മിനിട്ടായി കുറയ്ക്കേണ്ടതുണ്ട്. 16 ലധികം പിരീഡ് (45 മിനിട്ടുവെച്ചാക്കിയാൽ) പഠിപ്പിച്ചാലും ജൂനിയർ തസ്തികയിൽ തുടരേണ്ട സാഹചര്യം ഇതിന്റെ ഫലമായി നിലനിൽക്കുകയാണ്.

തസ്തിക സൃഷ്ടിക്കാതെയുള്ള പ്രിൻസിപ്പാൾ പ്രമോഷൻ ഹയർസെക്കന്ററിയിൽ നിലനിൽക്കുന്നതുപോലെയുള്ള ഊരാക്കുടുക്കിന് ഭാവിയിൽ വഴിവയ്ക്കും. സീനിയോറിറ്റിയോ മാനദണ്ഡങ്ങളോ ഇല്ലാതെയാണ് നിയമനം നടത്തിയത്. സംഘടനയുടെ ശക്തമായ ഇടപെടലിന്റെ ഭാഗമായിട്ടാണ് പ്രശ്നങ്ങൾ ഏറെക്കുറെ പരിഹരിച്ചത്.

നിലവിലുള്ള കോഴ്സുകൾ ശാസ്ത്രീയമായ പുനഃസംഘടിപ്പിക്കണം എന്ന ആവശ്യം തത്വത്തിൽപോലും സർക്കാർ അംഗീകരിച്ചിട്ടില്ല. അധ്യാപകരുടെ ജോലിഭാരവും വിദ്യാർത്ഥികൾക്ക് താങ്ങാൻ കഴിയാത്ത പഠനഭാരവും ഈ രംഗത്ത് നിലനിൽക്കുന്ന ഏറ്റവും ഗൗരവമേറിയ പ്രശ്നങ്ങളാണ്. ഈ പ്രശ്നങ്ങൾ പഠിക്കുവാനോ ശാസ്ത്രീയമായ പരിഹാര നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കാനോ ലബ്ബാകമ്മിറ്റി ശ്രമിച്ചിട്ടില്ല. അധ്യാപക സംഘടനകളുടെ നിവേദനം വാങ്ങി ക്രോഡീകരിക്കുന്ന തരത്തിലുള്ള ഒരു റിപ്പോർട്ടാണ് സർക്കാരിന് നൽകിയിരിക്കുന്നത്. വ്യക്തമായ നിർദ്ദേശങ്ങൾ എഫ്.എസ്.ഇ.ടി.ഒ യും കെ.എസ്.ടി.എ യും മുന്നോട്ടുവച്ചിട്ടുണ്ട്. അത്തരം കാര്യങ്ങളെക്കുറിച്ച് ഗൗരവപൂർണ്ണമായ ചർച്ചയ്ക്ക് സർക്കാർ തയ്യാറായിട്ടില്ല.

ബലാരിഷ്ഠിതമാറാതെ വീർപ്പുമുട്ടുന്ന ഹയർസെക്കന്ററി - വൊക്കേഷണൽ ഹയർസെക്കന്ററിയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ ശക്തമായ പ്രക്ഷോഭം ആവശ്യമാണ്. സമരപ്രഖ്യാപന കൺവെൻഷനും 2013 ആഗസ്റ്റ് 3 ന്റെ ഡയറക്ടേറ്റ് ഉപരോധവും തുടർന്ന് നടക്കുന്ന അനിശ്ചിതകാല പ്രക്ഷോഭവും ഈ മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനുള്ള പോരാട്ടങ്ങളായി വളരണം.

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി